**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 148** | **22-02-2022 - ൽ മറുപടിയ്ക്ക്**

**സ്കൂബാ വെഹിക്കിളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഫയർ & റെസ്ക്യൂ സേനയിൽ ജലാശയങ്ങളിലെ രക്ഷാപ്രവർത്തനത്തിന് ഉപയോഗിക്കുന്ന ബോട്ടുകളും അനുബന്ധ ഉപകരണങ്ങളും വേഗത്തിൽ അപകടസ്ഥലത്തേക്ക് എത്തിക്കുന്നതിനാവശ്യമായ സ്കൂബാ വെഹിക്കിളുകൾ നിലവിൽ തൃശ്ശൂർ ജില്ലയിൽ എത്ര എണ്ണം ലഭ്യമാണെന്ന് വ്യക്തമാക്കാമോ; | (എ) | ഒരെണ്ണം. |
| (ബി) | പ്രളയം പോലുള്ള സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ സ്കൂബാ വെഹിക്കിളുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (ബി) | 2021-2022 സാമ്പത്തിക വർഷത്തിലെ ഫണ്ട് ഉപയോഗിച്ച് 10 എണ്ണം സ്കൂബ വാനുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യകതയുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതാണ്. |
| (സി) | ഫയർ & റെസ്ക്യൂ സേനയിൽ പർവ്വതാരോഹണത്തിന് വിദഗ്ധ പരിശീലനം നേടിയ പ്രത്യേക ടീം നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (സി) | നിലവിൽ ഇല്ല. എന്നാൽ 17/11/2021 ലെ സർക്കാർ ഉത്തരവ് (കൈ) നം.201/2021/ ആഭ്യന്തരം പ്രകാരം വകുപ്പിലെ 31 തസ്തികകൾ പുനർവിന്യസിച്ച് സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിക്കുവാൻ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത ജീവനക്കാർക്ക് പർവ്വതാരോഹണം തുടങ്ങി എല്ലാവിധ വിദഗ്ധ പരിശീലനവും നൽകുന്നതാണ്. |
| (ഡി) | സേനാംഗങ്ങൾക്ക് അത്തരം വിദഗ്ധ പരിശീലനം നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | Clause (C) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ